**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1808** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് സീറ്റ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് സർവകലാശാലയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് എത്ര ശതമാനം വീതമാണ് സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സ്വാശ്രയ മേഖലയിലെ പ്രോഗ്രാമുകളിൽ 2023-24 അധ്യയന വർഷത്തിൽ അനുവദനീയ സീറ്റുകളിൽ മുഴുവനായോ അതിനു മുകളിലോ പ്രവേശനം നടത്തിയ പ്രോഗ്രാമുകൾക്ക് കോളേജിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരമാവധി സീറ്റു പരിധിക്ക് വിധേയമായി 2024-25 അധ്യയന വർഷത്തിൽ താൽക്കാലിക സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അല്ലാത്ത പക്ഷം ഓരോ പ്രോഗ്രാമിനും അനുവദനീയ സീറ്റുകളുടെ 20% വരെ മാത്രം, പരമാവധി സീറ്റു പരിധിക്ക് വിധേയമായി താൽക്കാലിക സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഗ്രോസ് എൻറോൾമെൻറ് റേഷ്യോ (GER) പടിപടിയായി വർധിപ്പിക്കേണ്ടതിന്റെ ഭാഗമായി 2024-25 അധ്യയന വർഷത്തിൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ ഗവൺമെന്റ്/എയ്ഡഡ് ബിരുദ, ബിരുദാനന്തര-ബിരുദ സയൻസ് പ്രോഗ്രാമുകൾക്ക് നിലവിലെ ഇൻടേക്കിന്റെ 20% സീറ്റും മറ്റു പ്രോഗ്രാമുകൾക്ക് നിലവിലെ ഇൻടേക്കിന്റെ 30% താൽക്കാലിക വർധനവും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ